# നിനവ്



## ഡിജിറ്റൽ മാഗസിൻ

### എസ് .വി .എച്ച് .എസ് പുല്ലാട്

little KITEs



# എസ് വി എച്ച് എസ് പുല്ലാട്





പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ പുല്ലാട് ഉപജില്ലയിലെ പുല്ലാട് എന്ന സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് ശ്രീ വിവേകാനന്ദ ഹൈസ്ക്കൂൾ.തിരുവല്ല നഗരത്തിൽ നിന്ന് 14 കിലോമീറ്റർ കിഴക്ക് മാറി പുല്ലാട് എന്നഗ്രാമത്തിന്റെ ഹൃദയഭാഗത്തായി ഈ സരസ്വതി ക്ഷേത്രം സ്ഥിതി ചെയ്യുന്നു. പുല്ലാട് ഹൈസ്ക്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. വരിക്കണ്ണാമലവൈദ്യൻ 1921–ൽ സ്ഥാപിച്ച ഈ വിദ്യാലയം പത്തനംതിട്ടജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്...

| | |
|---|---|
| റവന്യൂ ജില്ല | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | തിരുവല്ല |
| ഉപജില്ല | പുല്ലാട് |
| പ്രധാന അധ്യാപകൻ | ലാൽജികുമാർ കെ |
| പി.ടി.എ പ്രസിഡണ്ട് | പി ജി അനിൽകുമാർ |

അസതോ മാ സദ് ഗമയ
തമസോ മാ ജ്യോതിർ ഗമയ
മൃത്യോർ മാ അമൃതം ഗമയ
ഓം ശാന്തി: ശാന്തി: ശാന്തി:



**വൈദ്യൻ എൻ നാരായണ പണിക്കർ**

**[ സ്ഥാപകൻ ]**

# എസ് .വി .എച്ച് .എസ് പുല്ലാട് സ്കൂളിന്റെ ചരിത്രം

അജ്ഞാനമാകുന്ന അന്ധകാരത്തിൽ നിന്നും ജ്ഞാനപ്രകാശത്തിലേക്ക് ഒരു ജനതതിയെ നയിച്ചുകൊണ്ടിരിക്കുന്ന പുല്ലാട് ശ്രീ വിവേകാനന്ദ ഹൈസ്കൂൾ ,തിരുവല്ല വിദ്യാഭ്യാസ ജില്ലയിലെ പുല്ലാട് വരിക്കണ്ണാമല വൈദ്യൻ എന്നറിയപ്പെട്ടിരുന്നശ്രീ എൻ നാരായണപണിക്കർ ആണ് വിദ്യാലയത്തിന്റെ സ്ഥാപകൻ. അദ്ദേഹം സാമൂഹികപരിഷ്കർത്താവും ഹരിജനോദ്ധാരകനും, വിദ്യാഭ്യാസ പ്രവർത്തകനും, ആയുർവേദ ഭിഷഗ്വരനും ,അദ്ധ്യാപകനും, മനുഷ്യസ്നേഹിയും ആയിരുന്നു.



വിദ്യ കൊണ്ടു മാത്രമേ സാമൂഹിക നന്മയും ഉന്നമനവും സാധ്യമാകൂ എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം ജാതി വ്യത്യാസമില്ലാതെ എല്ലാ വിഭാഗക്കാർക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വേണ്ടിയും കാലോചിതമായി ഇംഗ്ലീഷ് വിദ്യാഭ്യാസം നാട്ടുകാർക്ക് ലഭിക്കണമെന്ന ചിന്തയോടും ക്രി 1921 മെയ് 23 ന് ഈ വിദ്യാലയം സ്ഥാപിച്ചു.

കുറെ വർഷം മിഡിൽ സ്കൂൾ ആയി പ്രവർത്തിച്ച ഈ സ്ഥാപനം 1947 ജനുവരി 22 ന് ഹൈസ്കൂളായി ഉയർന്നു. ജാതി വ്യത്യാസവും അയിത്തചിന്തയും അരങ്ങു വാണിരുന്ന ഭാരതത്തിന്റെ ഇരുണ്ട യുഗത്തിൽ എല്ലാ ജാതിക്കാർക്കും വിദ്യാലയ പ്രവേശനം നൽകണമെന്ന ഉറച്ച തീരുമാനത്തോടെ, നാട്ടിലെ പ്രമാണിമാരുടെ എതിർപ്പുകളെ തൃണവൽക്കരിച്ച് കൊണ്ട് വൈദ്യൻ അവറുകൾ സ്ഥാപിച്ച ഈ സരസ്വതി ക്ഷേത്രത്തിൽ ഹരിജനങ്ങൾക്ക് പ്രവേശനം നൽകി വിപ്ലവാത്മകമായ ഒരു ചരിത്ര മുന്നേറ്റത്തിന് അദ്ദേഹം തുടക്കം കുറിച്ചു

കേരളത്തിന്റെ ജാതിഭ്രാന്ത് കണ്ടു കേരളം ഒരു ഭ്രാന്താലയമാണെന്ന് വിശേഷിപ്പിച്ച സ്വാമി വിവേകാനന്ദന്റെ പേരു തന്നെയാണ് സ്ഥാപകൻ ഈ സ്കൂളിന് നൽകിയത്. സ്വാമി വിവേകാനന്ദന്റെ സ്മരണ നിർത്തണമെന്ന ഉദ്ദേശവും അദ്ദേഹത്തിനുണ്ടായിരുന്നു. വൈദ്യൻ എൻ നാരായണപ്പണിക്കർ സ്കൂൾ തുടങ്ങിയ വർഷം തന്നെ പട്ടികജാതിയിൽപ്പെട്ട 2 ഹിന്ദുക്കൾക്കും ഒരു ക്രിസ്ത്യാനിക്കും പ്രവേശനം നൽകി. പുല്ലാട്ടു കാരൻ വേലായുധൻ എന്ന പേര് സ്വീകരിച്ച കിളിയൻ, ഓതറ

ക്കാ

രൻ തേവൻ, മല്ലപ്പള്ളിക്കാരൻ ജോസഫ് എന്നിവരായിരുന്നു പുല്ലാട് ശ്രീ വിവേകാനന്ദസ്കൂളിൽ ആദ്യമായി പ്രവേശനം ലഭിച്ച പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾ.

30 വിദ്യാർത്ഥികളെ ചേർത്ത് ആരംഭിച്ച സ്കൂൾ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങി. എന്നാൽ സ്കൂളിൻന്റെ അംഗീകാരം പിൻവലിച്ച സാഹചര്യവും ഉണ്ടായി. ഇതിൽ തളരാതെ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയോടൊപ്പം വൈദ്യൻ അവറുകൾ തിരുവനന്തപുരത്തെത്തി ദിവാനെ കണ്ടു. ദിവാൻ ശ്രീ രാഘവയ്യയും, ഇൻസ്പെക്ടർ ശ്രീ നാരായണ അയ്യരും, എഞ്ചിനീയർ ജോൺ കുര്യനോടൊപ്പം സ്കൂൾ സന്ദർശിക്കുകയും കെട്ടിടം പരിശോധിച്ച് തുടർന്ന്

പ്രവർത്തിക്കുവാൻ അനുവാദം നൽകുകയും ചെയ്തു. അതുപ്രകാരം 21-5-1923 ഫേഡ് ഫോറം ആരംഭിച്ച് ഈ വിദ്യാലയം ഒരു മിഡിൽ സ്കൂൾ ആയി ഉയർന്നു. 1946ലാണ് ഈ സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചത്. ആ കാലയളവിൽ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ രാമൻപിള്ളയുടെ ശ്രമഫലമായി അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ എ എൻ തമ്പി ഈ വിദ്യാലയം സന്ദർശിച്ചു ഹൈസ്കൂളായി ഉയർത്തുവാനുള്ള അനുവാദം നൽകി. 1947 ജനുവരി 22ന് ഈ സ്ഥാപനം ഹൈസ്കൂളായി ഉയർന്നു. 1949 വിദ്യാലയ വർഷാരംഭത്തിൽ എല്ലാ ക്ലാസുകളും ഉള്ള ഒരു സമ്പൂർണ്ണ സ്കൂളായി മാറി. 1950 മാർച്ച് ആദ്യ ബാച്ച് ഇ എസ്എസ്എൽസി പരീക്ഷയിൽ 90 ശതമാനം വിദ്യാർത്ഥികൾ വിജയിച്ചു.

പ്രഗൽഭരും പ്രശസ്തരുമായ അധ്യാപകരുടെ ആത്മാർത്ഥ സേവനം വിദ്യാലയത്തെ മധ്യതിരുവിതാംകൂറിലെ മാതൃകാ വിദ്യാലയം എന്ന് പ്രശസ്തിയിൽ എത്തിച്ചു. സ്കൂളിന്റെ ആരംഭകാലം മുതൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ സ്കൂൾ മുന്നിട്ടു നിൽക്കുന്നു. കൂടാതെ കുട്ടികൾക്ക് മൂല്യബോധം നൽകുന്നതിന് വേണ്ടിയുള്ള പ്രഭാഷണങ്ങളും ക്ലാസുകളും സ്ഥാപകൻ താൽപര്യപൂർവ്വം ഏർപ്പെടുത്തിയിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, കർദിനാൾ ടി സെൻറ്, ആചാര്യ കൃപലാനി, കേന്ദ്ര മന്ത്രി എസ് കെ ഡേ, ഡോക്ടർ സ്റ്റാൻലി ജോൺസ്, അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ടി കെ നാരായണപിള്ള, മന്ത്രിമാരായ പനമ്പള്ളി ഗോവിന്ദമേനോൻ, ജോൺ ഫിലിപ്പോസ് എന്നിവർ സ്കൂൾ സന്ദർശിക്കുകയും അവർക്ക് ഗംഭീര സ്വീകരണം നൽകുകയും ചെയ്തിട്ടുണ്ട്.

ഒട്ടേറെ മാതൃകാ അധ്യാപകർ ഈ വിദ്യാലയത്തിനെ ഉന്നതിയിലേക്ക് എത്തിക്കുന്നതിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇവിടെ പഠിച്ച വിദ്യാർത്ഥികൾ ഉന്നതനിലയിൽ എത്തിയവർ നിരവധിയാണ്.

സ്ഥാപകനായ വൈദ്യൻ എൻ നാരായണ പണിക്കർ പുല്ലാട് എന്ന ഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങളിലും ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം സാമൂഹിക നന്മ മാത്രമായിരുന്നു. നാടിന്റെ പുരോഗതി ലക്ഷ്യമാക്കി അദ്ദേഹം കൊളുത്തിയ വിജ്ഞാനദീപം അണയാതെ കാത്തുസൂക്ഷിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ലക്ഷ്യം സാർഥകം ആക്കികൊണ്ട് വരും തലമുറകൾക്കും ജ്ഞാനപ്രകാശം പരത്തി കൊണ്ട് പുല്ലാട് എന്ന ഗ്രാമത്തിന്റെ തിലകക്കുറിയായി ഈ സരസ്വതി ക്ഷേത്രം പ്രശോഭിക്കുന്നു.

•

•

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ പുല്ലാട് ഉപജില്ലയിലെ പുല്ലാട് എന്ന സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് ശ്രീ വിവേകാനന്ദ ഹൈസ്കൂൾ.തിരുവല്ല നഗരത്തിൽ നിന്ന് 14 കിലോമീറ്റർ കിഴക്ക് മാറി പുല്ലാട് എന്നഗ്രാമത്തിന്റെ ഹൃദയഭാഗത്തായി ഈ സരസ്വതി ക്ഷേത്രം സ്ഥിതി ചെയ്യുന്നു. പുല്ലാട് ഹൈസ്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. വരിക്കണ്ണാമലവൈദ്യൻ 1921-ൽ സ്ഥാപിച്ച ഈ വിദ്യാലയം പത്തനംതിട്ടജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

ഭൗതികസൗകര്യങ്ങൾ

അഞ്ച് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് ഒരു കെട്ടിടത്തിലായി 11 ക്ലാസ് മുറികളും യു പി വിഭാഗത്തിന് രണ്ട് കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ജില്ലയിലെ ഏറ്റവും നല്ല കമ്പ്യൂട്ടർ ലാബുകളിൽ ഒന്ന് ഇവിടെയുള്ളതാണ്.സമ്പൂർണ്ണ ഇന്റർനെറ്റ് കണക്ടിവിറ്റി, ലാപ്ടോപ്പുകൾ- പ്രൊജക്ടറുകൾ- ഡിഷ്, ടിവി, സ്ക്രീൻ ,ഹൈടെക് ക്ലാസ് മുറികൾ ഇവ ഉൾപ്പെടെ ആധുനിക സംവിധാനങ്ങളോടെ എംപി ഫണ്ടിൽ നിന്നും നിർമിച്ചുനൽകിയ 600 സ്ക്വയർ ഫീറ്റിൽ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.യുപി വിഭാഗവും എച്ച് എസ് വിഭാഗവും പ്രവർത്തിക്കുന്ന ഈ സ്കൂളിൽ എച്ച് എസ് വിഭാഗത്തിൻെറ ക്ലാസ് റൂമുകൾ എല്ലാം സ്മാർട്ട് ക്ലാസ് റൂമുകൾ ആണ്. യുപി വിഭാഗത്തിലും എച്ച്എസ് വിഭാഗത്തിലും ഉള്ള മുഴുവൻ കുട്ടികൾക്കും ഉപയോഗിക്കുന്നതിന് ആവശ്യമായ ലാപ്ടോപ്പുകളും ഇന്റർനെറ്റ് സൗകര്യവുമുണ്ട്. 400 സ്ക്വയർ ഫീറ്റിൽ 7000ൽ അധികം പുസ്തക ശേഖരമുള്ള ആധുനിക ലൈബ്രറി സൗകര്യം ഇവിടുത്തെ പ്രത്യേകതകളിലൊന്നാണ്. കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള ആ പരിപാടികൾ ആസ്വദിക്കുന്നതിന് ആവശ്യമായ ഓഡിയോ വിഷ്വൽ ക്ലാസ് റൂം പ്രവർത്തിച്ചുവരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി ആധുനിക വൽക്കരിക്കപ്പെട്ട ടോയ്ലറ്റ് കോംപ്ലക്സുകൾ. സുരക്ഷിതത്വവും ശുചിത്വവും

ഇതിന്റെ മേന്മയാണ്. കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകുന്നതിന് നിലവാരം ഉള്ള അടുക്കളയും ഡൈനിങ്ങ് ഹാളും അവിടെയിരുന്ന് ഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ ടേബിളും ബെഞ്ചും. ഈടുറ്റതും ഉയരം ഉള്ളതുമായ കോമ്പൗണ്ടിന് ചുറ്റിയുള്ള ചുറ്റുമതിൽ കുട്ടികൾക്ക് സ്വതന്ത്രമായി സ്കൂളിന് അകത്തേക്കും പുറത്തേക്കും സഞ്ചരിക്കാൻ കഴിയുന്ന വിശാലമായ ഗേറ്റുകളോടു കൂടിയുള്ള കവാടം. വർഷം മുഴുവനും ഉറവ വറ്റാത്ത ജലലഭ്യതയുള്ള ജലസ്രോതസായ കിണർ. കുട്ടികളുടെയും അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ എല്ലായിടത്തും പൈപ്പ് കണക്ഷനുകൾ. വർഷങ്ങളായി പഞ്ചായത്ത് ഇലക്ഷന് ഈ സ്കൂൾ, ഇലക്ഷൻ മെറ്റീരിയലുകളുടെ വിതരണ കേന്ദ്രവും വോട്ടെണ്ണൽ കേന്ദ്രവും സംഭരണ കേന്ദ്രവുമായി പ്രവർത്തിച്ചുവരുന്നു

ഹൈസ്കൂളിനും യു പി വിഭാഗത്തിനും കൂടി ഒരു കമ്പ്യൂട്ടർ ലാബുണ്ട്. കുട്ടികളുടെ പഠനആവശ്യങ്ങൾക്കായി പ്രവർത്തനസജ്ജമായ പതിനെട്ട് കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്

# ആമുഖം

പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക്ക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥികൾക്ക് വൈവിധ്യപൂർണമായ പരിശീലനത്തിലൂടെ കടന്നുപോകുന്നതിനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലൂള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് പ്രായോഗിക പരിശീലനം. നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗാത്മകവുമാക്കൽ ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും സാധിക്കട്ടെ.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

മാന്യരെ,

അറിവ് മറ്റൊരാളിൽ നിന്ന് പകർന്ന് കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.ഇതിന് ഉത്തമ ഉദാഹരണമാണ് വിദ്യാഭ്യാസ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ കടന്നുകയറ്റം.പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള തലമുറയെ സർഗാത്മകമായി പ്രയോജനപ്പെടുത്തുന്നതിനായിട്ടാണ് "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്.
ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ ഓരോ അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ കടന്നുപോകാനുള്ള സുവർണ്ണാവസരമാണ് 3 വർഷത്തെ പ്രവർത്തന കാലയളവിലൂടെ ലഭിക്കുന്നത്.
ലിറ്റിൽ കൈറ്റ്സ് പ്രവർത്തന പദ്ധതിയിലൂടെ നാം ആർജ്ജിച്ചെടുത്ത അറിവുകൾ മറ്റുള്ളവരുടെ ഗുണത്തിനും ഉന്നമനത്തിനും വേണ്ടി വിനിയോഗിക്കേണ്ടതുണ്ട്.സ്കൂളിലെ മറ്റ് കുട്ടികൾക്കും സമൂഹത്തിനും പ്രയോജനപ്രദവും പ്രചോദനവും നല്കുന്നരീതിയിൽ അത് കൂടുതൽ സർഗാത്മകവും അന്വേഷണാത്മകവും ആക്കി മാറ്റുക എന്ന ചിന്തയിൽ ഉടലെടുത്തതാണ്
" നിനവ്"എന്ന ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ.
ലിറ്റിൽ കൈറ്റ്സ് പാഠപദ്ധതിയിലെ ഡെക്സ്റ്റോപ്പ് പബ്ലിഷിംഗ് എന്ന മേഖലയിൽ ആർജ്ജിച്ച കഴിവുകളാണ് ഇവിടെ പ്രാവർത്തികമാക്കപ്പെട്ടിരിക്കുന്നത്.

-മാഗസിൻ എഡിറ്റർ
(ആർ ആദിത്യൻ)



# സന്ദേശം



പൊതുവിദ്യാഭ്യാസത്തിൻെറ സംരക്ഷണ യജ്ഞത്തിൻെറ ഭാഗമായി 2018 മുതൽ കേരളത്തിലെ ഭൂരിഭാഗം പൊതുവിദ്യാലയങ്ങളിലും ഹൈടെക്ക് പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. അതിനോടനുബന്ധിച്ച് അദ്ധ്യാപകർക്കൊപ്പം വിദ്യാർത്ഥികളും ICT മേഖലയിൽ പ്രാവിണ്യം നേടുന്നതിനും, സാങ്കേതികപരിജ്ഞ്ഞാനം ഉറപ്പുവരുത്തുന്നതിനുമായി സ്ക്രൂളുകളിൽ "ലിറ്റിൽ കൈറ്റ്സ്"യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. അതിൻെറ ഫലമായി കുട്ടികൾക്ക് അനിമേഷൻ,റോബോട്ടിക്സ്,ഗ്രാഫിക്സ്,മലയാളം കമ്പ്യൂട്ടിങ്,DTP,AI,Electronics തുടങ്ങി നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുവാനും സ്വയത്തമാക്കുവാനും സാധിക്കുന്നു. പ്രസ്തുതയൂണിറ്റിൻെറ 2023 -25 batch ൻെ, മലയാളം കംമ്പ്യൂട്ടിങ്ങ് പരിശീലനത്തിൻെ നേർക്കാഴ്ച്ചയാണ്. വിദ്യാലയത്തിലെ കുരുന്നുകളുടെ സർഗസൃഷ്ടികളുടെ ഡിജിറ്റലൈസേഷൻ ഇത്രയും ഭംഗിയായും മികവോടെയും തയാറാക്കിയ കുഞ്ഞുങ്ങളേയും പരിശീലനം നല്കിയ കൈറ്റ് മാസ്ട്രാർ,മറ്റ് അദ്ധ്യാപകർ വിദ്യാർത്ഥികൾ,എല്ലാവർക്കും എല്ലാ മംഗളാശംസകളും നന്ദിയും ആശംസിക്കുന്നു.

ലാൽജി കുമാർ.കെ
[ഹെഡ്മാസ്റ്റർ]

# Little kites Members[2023-2025]

- ആർ.ആദിത്യൻ
- അനുഗ്രഹ് അനിൽക്കുമാർ
- അർജ്ജുൻ ബിനു കിടങ്ങിൽ
- യാദവ് ശ്രീകുമാർ
- അദ്വൈത് കെ.എ
- അർജ്ജുൻ പ്രസാദ്
- ആദർശ് രാജീവ്
- ഇമ്മാനുവെൽ എ. ഇ
- അനിത്ര പി
- ജോഷ്ന ജോജി
- അഭിരാമി കെ.എം
- ഹൈബി തോമ്സൺ
- പ്രണവ് പ്രസാദ്
- ജാക്സൺ എ റ്റി
- പ്രണവ് സ്
- പ്രണവ് സുഭാഷ്
- അദ്വൈത് കെ.സ്
- മഹേഷ് കുഞ്ഞുമോൻ
- ഗോകുൽ ഓമനക്കുട്ടൻ
- വിഷ്ണു ടി.സ്
- ആവണി ബി.എസ് നായർ
- ഗായത്രി എസ് നായർ
- ബാലമുരുഗൻ

# ഉള്ളടക്കം


1. കവിതകൾ
2. കടങ്കഥകൾ
3. പക്ഷികളുടെ ലോകത്തേക്ക്
4. ചിത്രങ്ങൾ
5. ലേഖനങ്ങൾ
6. നുറുങ്ങുകൾ

# എന്റെ കേരളം


കേരളമേ നിന്റെ ഓമന പേർ കേൾക്കേ
കോരിത്തരിച്ചിട്ടും എൻ മാനസം
കേരളത്തിൽ ഞാൻ ജീവിച്ചിടുമ്പോൾ
എത്രയോ അഭിമാനം ഉണ്ടെനിക്ക്

പതിനാലു ജില്ലകൾ ഉള്ളതാണല്ലോ
എന്റെ കൊച്ചു കേരളം ദൈവത്തിന്റെ
സ്വന്തം നാടാണെന്നറിയും കേരളം
പച്ചിച്ചു നിൽക്കും നിൻ
ജില്ലകൾ കാണാൻ എന്ത് മനോഹാരിത

തിരുവനന്തപുരം മുതൽ കാസർകോടു വരെ
നിന്റെ ജില്ലകൾ ആണല്ലോ അതിൽ ഏറ്റവും
ചെറിയ ജില്ലയാണല്ലോ ആലപ്പുഴയും

അതിൽ ഏറ്റവും വലിയ ജില്ലയാണല്ലോ
ഇടുക്കി ജില്ലയും പച്ചിച്ചു നിൽക്കും
നിന്നെ കാണാൻ എത്ര മനോഹാരിത

**- നികിത ജോൺ** [5B]


കുഞ്ഞുണ്ണി കവിതകൾ
മഴ തുള്ളി പാഞ്ഞു വരുന്ന മഴ
തുള്ളിക്കൊരു കുടം എന്ന മഴ
കൊള്ളാം ഈ മഴ , കൊള്ളരുതീ മഴ
കൊള്ളാം കൊള്ളാം പെയ്യട്ടെ...



# കുട്ടിയും കോലും

കുട്ടികൾ ഞങ്ങൾ കളിച്ചു വളർന്നൊരു
കുട്ടിയും കോലും മരിച്ചുപോയി
വിദേശത്ത് നിന്ന് ഇറക്കു മതി ചെയ്ത്
ക്രിക്കറ്റിലാണിന്നത്തെ ഭ്രാന്തൻ തലമുറ

- വൈഗ [7B]



# ഓർമ്മ

ഓർമ്മയുടെ പുസ്തകത്താളിൽ മയങ്ങുന്ന
ഒരു തുണ്ടു മയിൽപ്പീലിയാണെൻെറ
ബാല്യം
അടർന്നു വീണതുണ്ടുകൾ
ചേർത്തുവയ്ക്കുമ്പോൾ
നിറമുള്ള സ്വപ്നങ്ങൾ തിരികെയെത്തി
വരയും വർണ്ണങ്ങളും ചേർന്നൊരാ
ഓർമ്മകൾ
എന്റെ ഹൃദയത്തിൽ വീണ്ടും
നിറഞ്ഞുനിന്നു
മാടി വിളിച്ചു ഞാനാക്കാലത്തെ
എൻ പ്രിയതോഴനോടൊപ്പം
ചേർത്തു നനച്ചു ഞാനാവയെ
ഞങ്ങൾതൻ
സ്വപ്നങ്ങൾക്കു കൂട്ടായി
വീണ്ടും നിറമുള്ളവ നെയ്യെടുക്കാൻ.

– അഞ്ജലി



# കണിക്കൊന്ന പൂത്തപ്പോൾ

വിഷുക്കാലം വന്നല്ലോ
കണിക്കൊന്ന പൂത്തല്ലോ
കണ്ണിനു കണിയായി
പൊന്നിൻ നിറമായല്ലോ,
വിഷുപ്പക്ഷി പാടുന്നു,
വിത്തെല്ലാം വിതയ്ക്കാറായി
കണിമുമ്പിൽ നിറയുവാൻ
കതിരിട്ടു പാടങ്ങൾ
പൊന്നിൻ തളിക ഒരുക്കുന്നു
കണിവെള്ളരി കണ്ണിമാങ്ങ
കൃഷിക്കാലം പൊലിക്കട്ടെ
അകമെല്ലാം നിറയട്ടെ.

- ജോബിന ജോജി [5B]

# കടങ്കഥകൾ

- മത്തായ വയറൻ ശാപ്പാട്ടുക്കാരൻ - കലം
- പെട്ടെന്ന് പരന്ന് പിടിക്കിO തീറ്റ തീർന്നാൽ ചത്തുപോകും - തീ
- പലകക്കിടയിൽ പച്ചയിറച്ചി - നഖം
- പാൽ പുഴയിൽ കരിമീൻ - കണ്ണ്
- പാറപ്പുറത്തൊരു ഓന്തിരിക്കുന്നു - മൂക്ക്
- പിരിയാത്ത കയറ് - പാമ്പ്
- പിരിയാത്ത പാല് - റബർ പാല്
- മണ്ണിനുള്ളിൽ പൊൻ - മഞ്ഞൾ
- കടലിന്റെ വിത്ത് കാറ്റ് വിതച്ചു - മഴ
- കട വിളഞ്ഞാൽ തടി പൊഴിയും - ചേന
- കാലിൽ  പിടിച്ചാൽ  തോളിൽ  കയറും - കട
- കായ്ക്കില്ല  പൂക്കില്ല  വെട്ടിയാൽ തളിർക്കും - തലമുടി
- കഴുത്തില്ലാത്തമ്മ കാതാട്ടി - പറ
- കറുത്ത പാറക്ക് നാല് തൂൺ - ആന
- കിലുക്കം കിലുകിലുക്കം ഉത്തരത്തിൽ ചത്തിരിക്കും - താക്കോൽ
- കൂടെ വന്നവൻ നിറം മാറി - തലമുടി
- കേറും ചങ്ങല  ഇറങ്ങും ചങ്ങല പച്ചില കൂട്ടി മടക്കും ചങ്ങല - പുളിയുറുമ്പ്
- കണ്ടിലിരിക്കും കട്ടൂസ് കട പിടിക്കും കട്ടൂസ് - ചേമ്പ്
- ചെടിയിൽ  കായ  കായയിൽ ചെടി - കൈതച്ചക്ക
- ചുവന്ന കട്ടൻ കളിച്ചാൽ കറുത്ത കട്ടനാകും - കരിക്കട്



# പക്ഷികളുടെ ലോകത്തേക്ക്...

കിളിയുടെ പേര് : ഇരട്ടവാലൻകിളി



ഏഷ്യയിലെ ഭൂരിഭാവം പ്രദേശങ്ങളിലും കാണപ്പെടുന്നു .കൂടാതെ വ്യതിരിക്തമായ വാലുകളും ചുരുണ്ട തൂവലിന്റെ ചിഹ്നവും മുഖത്തിന് മുകളിലും കിരിടത്തിനൊപ്പം വ്യത്യസ്ത വ്യാപ്തികളിലും ആരംഭികുന്നതിനാൽ എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയും ശരിരം ആകെ കറുത്ത നിറം .തിണ്ട രണ്ടു വാലുകൾ ഉള്ളതിനാലാവാം 'ഇരട്ടവാലൻ കിളി 'എന്ന പേര് വന്നത്.

മറ്റുപേരുകൾ - കാട്ടുമുഴക്കി,കരാളൻ, ചാത്തൻ.

- അനശ്വര അനീഷ് [6A]



കിളിയുടെ പേര് : ഹമ്മിങ്ങ് ബേഡ്



ലോകത്തിലെ ഏറ്റവും ചെറിയ പക്ഷികളുടെ കുടുംബമാണ് ഹമ്മിങ്ങ് ബേഡ്.പക്ഷികളിൽ പിന്നോട്ട് പറക്കാൻ കഴിവുള്ള ഏക പക്ഷി. താരതമ്യേന നീളമുള്ള ബ്ലേഡ് പോലുള്ള ചുണ്ടുകൾ പൂവുകളിലെ തേനിനെ വലിച്ചു കുടിക്കാൻ സഹായിക്കുന്നു.ഹമമിങ്ങ് ബേഡിന്റെ കാലുകൾ ചെറുതാണ്,മൂന്ന് വിരലുള്ള പാദങ്ങൾ.പൂവുകളിൽ നിന്നും കിട്ടുന്ന തേനാണ് പ്രധാന ഭക്ഷണം .

- അനശ്വര അനീഷ് [6A]



## കിളിയുടെ പേര്: പ്രാവ്



അല്പം തടിച്ച ശരീരവും കുറുകിയ കഴുത്തും,ചെറിയ മെലിഞ്ഞ കാലുകളും ,അല്പം തടിച്ച ചുണ്ടുകളുമാണ് പ്രാവുകൾക്ക് .ഇവയുടെ കൂടുകൾ കമ്പുകൾ കൊണ്ടാണ് കൂടു നിർമ്മിക്കുക.കഴുത്തിനു ചുറ്റും വയലറ്റും മയിൽ പീലിപച്ചനിറവും മാറി മാറി കാണാൻ സാധിക്കുന്നു. നിരവധി തരത്തിലുള്ള പ്രാവുകൾ കാണപ്പെടുന്നു.ചിറകിന്റെ അരികത്ത് കറുപ്പു നിറം കാണപ്പെടുന്നു.അടി ഭാഗത്തായി വെള്ള നിറവും.


വിത്തുകൾ,പഴങ്ങൾ,സസ്യാഹാരങ്ങൾ എന്നിവയാണ് പ്രധാന ആഹാരം.


- അനശ്വര അനീഷ് [6A]



# നേട്ടങ്ങൾ


ശ്രീ വിവേകാനന്ദ ഹൈസ്കൂൾ
പുല്ലാട്
കളമശ്ശേരി സ്റ്റാർട്ടപ്പ് മിഷനിൽ വച്ചു
നടന്ന ലിറ്റിൽകൈറ്റ്സ് സംസ്ഥാനതല
ക്യാമ്പിൽ ആനിമേഷൻ വിഭാഗത്തിൽ
പത്തനംതിട്ട ജില്ലയെ പ്രതിനിധീകരിച്ച്
പങ്കെടുക്കുകയും മികച്ച
പ്രകടനത്തിനുള്ള അംഗീകാരം
കരസ്ഥമാക്കുകയും ചെയ്ത പത്താം
ക്ലാസ്സ് വിദ്യാർത്ഥി
മാധവ് മനുവിന്
അഭിനന്ദനങ്ങൾ
Staff & PTA





# നേട്ടങ്ങൾ


ശ്രീ വിവേകാനന്ദ ഹൈസ്കൂൾ
പുല്ലാട്
സംസ്ഥാന
കലോത്സവത്തിലും
അഭിമാനമായി
വസുദേവ്
സംസ്ഥാന കലോത്സവത്തിൽ
പങ്കെടുത്ത മൂന്ന് ഇനങ്ങളിലും
(കേരള നടനം, ഭരതനാട്യം, നാടോടിനൃത്തം)
എ ഗ്രേഡ് കരസ്ഥമാക്കി
പത്തനംതിട്ട ജില്ലയ്ക്ക് അഭിമാനമായ
മാറിയ എസ്.വി.എച്ച്.എസ് ന്റെ
വസുദേവ് വി ശേഖറിന്
അഭിനന്ദനങ്ങൾ
STAFF & PTA








# നേട്ടങ്ങൾ


ശ്രീ വിവേകാനന്ദ ഹൈസ്കൂൾ
പുല്ലാട്
സംസ്ഥാന
കലോത്സവത്തിലും
അഭിമാനമായി
അമൃതശ്രീ
സംസ്ഥാന
കലോത്സവത്തിൽ
അക്ഷരശ്ലോകത്തിന്
എ ഗ്രേഡ്
കരസ്ഥമാക്കി
പത്തനംതിട്ട ജില്ലയ്ക്ക്
അഭിമാനമായി മാറിയ
എസ് വി എച്ച് എസ് ന്റെ
അമൃതശ്രീ വി.പിള്ള യ്ക്ക്
അഭിനന്ദനങ്ങൾ
STAFF & PTA







- **ഗണിതശാസ്ത്രജ്ഞന്മാരും കണ്ടുപിടിത്തങ്ങളും**

- പ്ലേറ്റോ [അരിസ്റ്റോക്ലസ്] - ഗണിതശാസ്ത്രജ്ഞന്മാരുടെ പിതാവ്
- യൂക്ലിഡ് - ജ്യാമിതിയുടെ പിതാവ്
- ഭാസ്കരാചാര്യൻ - ഭാരതത്തിന്റെ യൂക്ലിഡ്
- ഡയഫോന്റസ് -ബീജഗണിതത്തിന്റെ പിതാവ്
- ചാൾസ് ബാബേജ് - കമ്പ്യൂട്ടറിന്റെ പിതാവ്
- ശകുന്തളാ ദേവി -കമ്പ്യൂട്ടർ വനിത
- പൈഥഗോറസ് -സാമോസിലെ രാജ്ഞി
- സൈമൺ സ്റ്റേവിൻ -ഡച്ച് അർക്കിമിഡിസ്
- കോപ്പർനിക്കസ് -ആധുനിക ജ്യോതിശാസ്ത്രത്തിന്റെ പിതാവ്
- ജോൺ നേപ്പിയർ - ആധുനിക കാൽകുലേറ്ററിന്റെ മുത്തച്ഛൻ

- Anugrah anilkumar [9B]



# ഗണിതത്തിന്റെ സ്വന്തം രാജകുമാരൻ

## -ഗോസ്സ്

ഗണിത ശാസ്ത്രജ്ഞരിലെ രാജകുമാരൻ എന്നറിയപ്പെടുന്ന ജർമൻ ശാസ്ത്രജ്ഞനാണ് ,1977 ൽ ഒരു കൂലിപ്പണിക്കാരന്റെ മകനായി ജനിച്ച കാൾ ഫെഡറിക് ഗോസ് .അഞ്ചാം ക്ളാസിൽ പഠിക്കുമ്പോൾ ഒരു ദിവസം, ഒന്നു മുതൽ 100 വരെയുള്ള സംഖ്യകൾ കൂട്ടുന്നതിനായി ,1 +2 +3 .......+100 =[1 +100]+[2 +99] +[3 +98 ]+.....+[50 +51 ] എന്നെഴുതി 101 തുക വരുന്ന 50 ജോഡികളുള്ളതിനാൽ ആകെ തുക 50 *101 =5050 ആണ് എന്ന് സമർഥിച്ച വിദ്യാർത്ഥി ആയിരുന്നു ഗോസ് .യൂക്ലിഡിയൻ ജ്യാമിതിയിൽ നിന്ന് വ്യത്യസ്തമായ non-euclidean geometry വികസിപ്പിച്ചത് അദ്ദേഹമാണ് .സംഖ്യാശാസ്ത്രത്തിലും അതീവ പാണ്ഡിത്യമുണ്ടായിരുന്നു .

- Anugrah Anilkumar [9B]

# ഗണിത ശാസ്ത്രം..

'ശാസ്ത്രങ്ങളുടെ ശാസ്ത്രം ' 'ശാസ്ത്രങ്ങളുടെ റാണി 'എന്നൊക്കെയുള്ള ഗണിതശാസ്ത്രത്തിന്റെ വിശേഷണങ്ങൾ യഥാർത്ഥ്യത്തിൽ ഗണിതശാസ്ത്രത്തിനു ചേർന്നതല്ല.കാരണം,അതിനുമെത്രയോ മീതെ സർവ്വവ്യാപിയാണ് ഗണിതശാസ്ത്രം.ശാസ്ത്രം വിഷയങ്ങളിൽ മാത്രമല്ല പ്രപഞ്ചത്തിലെ എല്ലാ വിഷയങ്ങളിലും എല്ലാ വസ്തുക്കളിലും ഗണികം ഉണ്ട്.ഇത്ര വലിയ സാന്നിധ്യം മറ്റൊരു വിഷയത്തിനും അവകാശപ്പെടാൻ കഴിയില്ല. ലോക സംഖ്യാമയമാണെന്നും സംഖ്യകൾ ലോകം ഭരിക്കുന്നുവെന്നും 2500 വർഷങ്ങൾക്കു മുൻപുതന്നെ മനുഷ്യൻ മനസ്സിലാക്കി. കംപ്യൂട്ടറിന്റെയും ഡിജിറ്റൽ നാനോ ടെക്നോളജിയുടെയും കണ്ടുപിടിത്തത്തോടെ ഗണിതത്തിന്റെ പ്രാധാന്യം അനുനിമിഷംവർധിച്ചു.സർവ്വവ്യാപിയായ ഗണിതശാസ്ത്രത്തിനു ജീവൻ നൽകിയവർ അനവധിയാണ്. ഗണിതശാസ്ത്രത്തിൽ ഏറ്റവും കൂടുതൽ പഠനം നടത്തിയിട്ടുള്ള 'പൈ 'യുടെ വില കണ്ടുപിടിക്കുന്നതിൽ ജീവിതത്തിന്റെ സിംഹ ഭാഗവും ചെലവഴിച്ച ലുഡോൾഫും മനുഷ്യായുസ്സിന്റെ മൂന്നിലൊന്ന് കാലം മാത്രം ജീവിച്ച് ഏറ്റവും പ്രശസ്ത ഗണിതശാസ്ത്രജ്ഞമാരിൽ ഒരാളായി മാറിയ ശ്രീനിവാസ രാമാനുജനുമൊക്കെ ഗണിതശാസ്ത്രജ്ഞന്മാരായിട്ട് അറിയപപെടുന്നത്. പക്ഷെ,ഗണിതശാസ്ത്രത്തിൽ ഏറെ സംഭാവനകൾ നൽകിയിട്ടും ഗണിതശാസ്ത്രജ്ഞനാണെന്ന് അറിയപ്പെടാതെ മറ്റു മേഖലകളിൽ പ്രശസ്തരായവർ ഏറെയുണ്ട്.

**- ഗായത്രി എസ്.നായർ[9B]**

# ഗണിതം എന്ന ശാസ്ത്രം

ശാസ്ത്രങ്ങളിലെ രാജ്ഞി എന്നറിയപ്പെടുന്ന ശാസ്ത്രമാണ് ഗണിതശാസ്ത്രം.'ശാസ്ത്രങ്ങളുടെ പരിപ്പൂരയും താക്കോലും'എന്നു വിശേഷിപ്പിക്കുന്ന ശാസ്ത്രവും ഗണിതശാസ്ത്രമാണ്.ഈ ശാസ്ത്ര ശാഖയുടെ പ്രയോഗവും സാധ്യതയും വൈവിധ്യപൂർണവും അനന്തവുമാണ്.അതിനാൽ അതിന്റെ സത്ത പൂർണമായും ഉൾ-ക്കൊള്ളുന്ന ഒരു നിർവചനം സാധ്യമല്ല.മനുഷ്യനു മനസ്സിൽ നിന്നും ഉരുത്തിരിഞ്ഞ് അവന്റെ പ്രവർത്തികളിലൂടെയും പ്രകൃതിയുമായുള്ള ബന്ധത്തിലൂടെയും വികാസം പ്രാപിച്ച ശാസ്ത്രമാണ് ഗണിതം. അതുകൊണ്ടുതന്നെ മനുഷ്യരാശിയുടെ സംസ്കാരത്തോളം തന്നെ പഴമയുണ്ട് ഗണിതശാസ്ത്രത്തിനും.

മനുഷ്യന്റെ എണ്ണിയാലൊടുങ്ങാത്ത നേട്ടത്തിനും പിന്നിൽ ഗണിത ശാസ്ത്രത്തിന് നല്ലൊരു പങ്കുണ്ട് .അതുകൊണ്ടുതന്നെ ഗണിതത്തെക്കുറിച്ചും അതിന്റെ വികാസത്തെക്കുറിച്ചും അതിന്റെ വിവിധ സാധ്യതകളെക്കുറിച്ചും അതിന്റെ വിവിധ സാധ്യതകളെക്കുറിച്ചും ഓരോ മനുഷ്യനും അറിയേണ്ടതാണ് .അനന്തമായ ഈ ശാസ്ത്രസാഗരത്തിന്റെ തീരത്തു കൂടിയെങ്കിലും നമുക്കും ഒന്ന് നടന്നുനോക്കാം .

**- ആവണി ബി.എസ് നായർ [9B]**

# Ten Habbits of Successful Students

- Have an sleep shedule
- Eat Healthy food
- Study Every day
- Take Time out for hobbies
- Exerise /Medicate Daily
- Groom Yourself
- Stay Positive
- Take Breaks
- Spend Time With Family
- Express Gratitude.

**-R.Adhithyan [9B]**

# ഒരു മികച്ച വിദ്യാർത്ഥിയുടെ ഗുണങ്ങൾ

- ശക്തമായ തൊഴിൽ അവസരങ്ങൾ
- ശുഭാപ്തി വിശ്വാസം
- സ്വയം പ്രചോദിത
- ആസൂത്രണ മികവ്
- നല്ല പഠനശീലങ്ങൾ
- നല്ല ആശയവിനിമയ ശേഷി
- സ്വയം അച്ചടക്കം
- ജിജ്ഞാസ
- ഉത്തരവാദിത്വം
- സഹകരണം
- ലക്ഷ്യബോധം
- മറ്റുള്ളവരെ ബഹുമാനിക്കുക
- മ്റ്റങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവ്
- വെല്ലുവിളികൾ നേരിടുക
- ലക്ഷ്യ ബോധം
- വിശാല ചിന്താഗതി
- നല്ല ശ്രോതാവ്
- ആത്മവിശ്വാസം
- സമഗ്രതയുടെ ശക്തമായ ബോധം

- Anugrah Anilkumar [9B]

# MOBILE PLANATORIUM in our school



സ്കൂൾ പരിസരത്തു ഒരു
പോർട്ടബിൾ പ്ലാനട്ടോറിയം ഷോ.
മികച്ച വിദ്യാദ്യാസം നൽകുകയും
പാഠ്യേതര പ്രവർത്തനങ്ങളിൽ
വിദ്യാർത്ഥികളെ
പ്രചോദിപ്പിക്കുന്ന കാഴ്ച്ചകൾ.

# കൈറ്റ് മിസ്ട്രസുമാർ

## ജയശ്രീ എൻ

## ജയലക്ഷ്മി പി

# നന്ദി

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ
"നിനവ്" തയാറാക്കാൻ സഹായിച്ച
എല്ലാവർക്കും നന്ദി.



"Education is the key to unlock the golden door of freedom."

-Swami Vivekanada